# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## (സംഗ്രഹം)

സർവ്വകലാശാലയുടെ വിവിധ പരീക്ഷകൾക്ക് റാങ്കുകൾ/സ്ഥാനങ്ങൾ നൽകുന്നത് സംബന്ധിച്ച സ്പഷ്ടീകരണം

---

അക്കാദമിക് എ III സെക്ഷൻ

സ.ഉ.നം. 6111/എസിഎ III/1/സി.ബി.സി.എസ്.എസ്.9/3/മറ്റിനം/2017 തീയതി: 10/08/2018

---

സൂചന;- 1) സ.ഉ.നം. 1283/എസിഎ3/ഇ.ഐ.VIII/2015 തീയതി: 04/03/2017

2) 19/05/2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം.നം. 132/18.04/181498

3) 30/06/2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം.നം. 132/18.04/181498

## <u>ഉത്തരവ്</u>

സൂചന 1 പ്രകാരം വിവിധ സർവ്വകലാശാല പരീക്ഷകളിൽ പത്ത് സ്ഥാനം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്ഥാന സർട്ടിഫിക്കറ്റ് നൽകുവാനുള്ള വ്യവസ്ഥയെ ഉള്ളൂ. ഇപ്പോൾ ഫീസാനുകൂല്യം സ്കോളർഷിപ്പ് തുടങ്ങിയ ആവശ്യങ്ങൾക്കായി പത്തിലും താഴ്ന്ന സ്ഥാനമുള്ളവരും സ്ഥാന സർട്ടിഫിക്കറ്റിനായി സർവ്വകലാശാലയെ സമീപിക്കുന്നുണ്ട്.

കൂടാതെ ടി ഉത്തരവിലെ 'ഗ' യിൽ പറയുന്ന ഫൈനൽ സെമസ്റ്ററിൽ ഗ്രേസ് മാർക്ക് പത്താം സ്ഥാനത്തുള്ള മാർക്കിൽ നിന്ന് 1 മാർക്ക് കുറവായിരിക്കണം എന്ന വ്യവസ്ഥ, സ്ഥാനം, സി.ജി.പി.എ. യുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനാൽ പ്രായോഗികമല്ല.

ആയതിനാൽ, സൂചന (2), (3) എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ വിവിധ പരീക്ഷകളിൽ വിദ്യാർത്ഥികളുടെ സ്ഥാന നിർണ്ണയം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

1. മോഡറേഷന്റെ/ഗ്രേസ് മാർക്കിന്റെ സഹായത്താൽ ഏതെങ്കിലും ഒരു കോഴ്സ് (പേപ്പർ) വിജയിച്ച വിദ്യാർത്ഥിയെയും ഏതെങ്കിലും കോഴ്സ് ഒന്നാം അവസരത്തിൽ വിജയിക്കാത്തവരെയും സ്ഥാന ലിസ്റ്റിൽ പെടുത്തുവാൻ പാടില്ല.

2. മോഡറേഷന്റെ/ഗ്രേസ് മാർക്കിന്റെ സഹായത്താൽ ഉയർന്ന ക്ലാസ്/ഗ്രേഡ് ലഭിച്ച വിദ്യാർത്ഥിയെ സ്ഥാന ലിസ്റ്റിൽ പെടുത്താവുന്നതാണ്.

3. മോഡറേഷനായി/ഗ്രേസ് മാർക്കായി ലഭിച്ച മാർക്ക് സ്ഥാനം നിർണ്ണയിക്കാൻ ഉപയോഗിക്കുകയോ വിദ്യാർത്ഥിക്ക് ലഭിച്ച മോഡറേഷൻ/ഗ്രേസ് മാർക്ക് പിൻവലിക്കുകയോ പാടില്ല.

4. ഒന്നാം അവസര ഫൈനൽ പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷയിൽ ലഭിച്ച സ്ഥാനം (താൽക്കാലിക) പരീക്ഷ ഫല പ്രഖ്യാപന സമയത്ത് തന്നെ തയ്യാറാക്കേണ്ടതാണ്.

5. പത്ത് സ്ഥാനം (താൽക്കാലിക) വരെ ലഭിച്ച വിദ്യാർത്ഥികളുടെ പട്ടിക പരീക്ഷ ഫലപ്രഖ്യാപന സമയത്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.

6. കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് അടച്ച് അപേക്ഷിക്കുന്ന ഒന്നാം അവസര ഫൈനൽ പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും താൽക്കാലിക ലിസ്റ്റിൽപെട്ട താൽക്കാലിക സ്ഥാന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷൻ പരീക്ഷ കൺട്രോളറുടെ കയ്യൊപ്പോടുകൂടി നൽകേണ്ടതാണ്.

7. പുനർമൂല്യ നിർണ്ണയം വഴി ലഭിച്ച മാർക്ക് വ്യത്യാസം ബന്ധപ്പെട്ട റീവാലുവേഷൻ സെക്ഷനിൽ നിന്ന് ലഭിക്കുന്ന മെമ്മോ/റീവാലുവേഷൻ ടാബുലേഷൻ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ കോപ്പി/ഓൺ ലൈൻ അറിയിപ്പ് അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷൻ നടപ്പാക്കേണ്ടതാണ്.

8. പുനർമൂല്യ നിർണ്ണയ നടപടികൾ പൂർത്തിയായി എന്ന് ബന്ധപ്പെട്ട റീവാലുവേഷൻ സെക്ഷനുകളുടെയും ടാബുലേഷൻ സെക്ഷനുകളുടെയും സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻ പ്രസ്താവിച്ച താൽക്കാലിക ലിസ്റ്റ് ആവശ്യമായ ഭേദഗതികളോടെ സ്ഥിരപ്പെടുത്തുകയും പത്ത് സ്ഥാനം വരെയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

9. കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് അടച്ച് അപേക്ഷിക്കുന്ന ഒന്നാം അവസര ഫൈനൽ പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും (സ്ഥിര ലിസ്റ്റിൽപെട്ട) സ്ഥിര സ്ഥാന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ടാബുലേഷൻ പരീക്ഷ കൺട്രോളറുടെ കയ്യൊപ്പോടുകൂടി നൽകേണ്ടതാണ്.

10. മേൽ പറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായി, ഇതുവരെ പ്രസിദ്ധീകരിച്ച ഫൈനൽ ഫലങ്ങളിൽ സ്ഥാനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത പരീക്ഷകളുടെ താൽക്കാലിക സ്ഥാന പട്ടിക പുനർനിർണ്ണയം ചെയ്യുന്നതിനും പുനർമൂൽനിർണ്ണയ നടപടികൾ പൂർത്തിയാക്കിയ പരീക്ഷകളുടെ സ്ഥിര സ്ഥാന ലിസ്റ്റ് തയ്യാറാക്കുന്നതിനും (സി.ബി.സി.എസ്.എസ്./സി.എസ്.എസ്.) സിസ്റ്റം അഡ്മിനിസ്ട്രേഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

11. സി.ജി.പി.എ. യുടെ അടിസ്ഥാനത്തിൽ ആയിരിക്കണം റാങ്ക് സർട്ടിഫിക്കറ്റുകൾ നൽകേണ്ടത്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി.എസ്.
2. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.
3. ജെ.ആർ/ഡി.ആർ/എ.ആർ (ഭരണ/പരീക്ഷ വിഭാഗങ്ങൾ)
4. സിസ്റ്റം അഡ്മിനിസ്ട്രേഷൻ
5. ടാബുലേഷൻ/അക്കാദമിക്/റീവാലുവേഷൻ സെക്ഷനുകൾ
6. കണ്ടന്റ് മാനേജ്മെന്റ് സെൽ
7. പി.ആർ.ഒ./എൻക്വയറി
8. ഐ.ക്യൂ.എ.സി.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ